പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.34 8.2.2016 ൽ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി**

**ചോദ്യം**

ശ്രീ.എ.എം.ആരിഫ്

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| എ) ജനസമ്പർക്ക പരിപാടികളോനുബന്ധിച്ച് 14 ജില്ലകളിലും മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടോ;<br><br>ബി) നടപ്പിലാക്കിയിട്ടില്ലാത്തവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;<br><br>സി) പ്രവർത്തനം അനുവദിച്ച പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്താമോ; | **എ) +ബി)+സി )**<br><br>ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ജില്ലകളിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാതല വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇവയിൽ പല പദ്ധതികൾക്കും ഭരണാനുമതി നൽകുന്നതിനും മറ്റും സർക്കാർ തലത്തിൽ നടപടിസ്വീകരിച്ചു വരുന്നു. ചില പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയിൽ പലതും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന എല്ലാ പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് വിവിധ തലങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കപ്പെട്ടിരുന്നത് ഏത് തലത്തിലായിരുന്നു; | ഡി) ജനസമ്പർക്ക പരിപാടിയിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനായി ബന്ധപ്പെട്ട വകുപ്പുമേധാവികളേയും ജനപ്രതിനിധികളേയും സാങ്കേതിക വിദഗ്ദ്ധരേയും ജില്ലാകളക്ടർമാരേയും ഉൾപ്പെടുത്തി ച.ർച്ചകൾ നടത്തുകയും അതിൽ നിന്നും രൂപംകൊണ്ട വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ചാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. |
| ഇ) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ പ്രഖ്യാപനങ്ങളിൽ ഏതെങ്കിലും പൂർത്തിയാകുമോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ? | ഇ) പ്രഖ്യാപിച്ചിട്ടുള്ള പല പദ്ധതികളും ഇതിനകം നടപ്പിലാക്കിയിട്ടുള്ളതാണ്. മറ്റു പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ